web section

**ഭരണഭാഷ – മാതൃഭാഷ**

ടെലി : 0471-2302655, 2303654
അമാൽഗമേറ്റഡ് ഫണ്ട് സെക്ഷൻ, സൈനിക ക്ഷേമ ഡയറക്ടറേറ്റ്, വികാസ്ഭവൻ, തിരുവനന്തപുരം-33

ഡി-3/15905/2021/ഡി.എസ്.ഡബ്ല്യു                തീയതി : തിരുവനന്തപുരം        24 ഫെബ്രുവരി 2021.

## സർക്കുലർ

വിഷയം: സർക്കാർ ഫണ്ട്(പ്ലാൻ) മുഖേന വിമുക്തഭടന്മാർക്കും, വിധവകൾക്കും ,ആശ്രിതർക്കും പുനരധിവാസ പരിശീലനം-20201-22 മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നു.

സംസ്ഥാന സർക്കാർ ഫണ്ട് (പ്ലാൻ ഫണ്ട്) "**2235-60-200-77** എന്ന അക്കൗണ്ട് ഹെഡിൽ ₹. **40,00,000**/- (നാൽപതു ലക്ഷം രൂപാ മാത്രം) രൂപ വിമുക്ത ഭടന്മാർക്കും,വിധവകൾക്കും,ആശ്രിതർക്കും പുനരധിവാസ പരിശീലന പദ്ധതി നടപ്പിലാക്കുന്നതിലേക്കായി 2021-22 സാമ്പത്തിക വർഷത്തേക്ക് വകയിരുത്തിയിട്ടുണ്ട്. ശരിയായ സമയത്ത് ഫണ്ട് തുക ഏറ്റവും നന്നായി വിനിയോഗിക്കുന്നതിനും ഏറ്റവും നന്നായി പുനരധിവാസ പരിശീലനം ചെയ്യിക്കുന്നതിനും താഴെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

2. ഈ വർഷം ചെലവ് പ്രധാനമായും കേന്ദ്രീകരിക്കേണ്ടത്, പുനരധിവാസ പരിശീലനം നേടിയ ഗുണഭോക്താക്കളെ ഗുണപ്രദമായ മേഖലകളിലേക്ക് തൊഴിൽ വഴികാട്ടിയും, അവരെ പ്രോത്സാഹിപ്പിക്കുന്നതിനും ദീർഘവീക്ഷണവും ഭാവിയും ഉള്ള തൊഴിലുടമയെ കണ്ടെത്തുന്നതിന് സഹായിക്കുന്നതിനും ഉള്ള മുഴുദിന പരിശീലന ക്യാമ്പ് ആയിരിക്കണം. ജില്ലാ സൈനിക ക്ഷേമ ഓഫീസർമാർ, പ്രൊപ്പോസലുകൾ നിർബന്ധമായും 2021 മാർച്ച് മാസം, പതിനഞ്ചാം തീയതിക്കുമുമ്പായി ഡയറക്ടറേറ്റിലെത്തത്തക്കവിധം അയയ്ക്കേണ്ടതാണ്. പുനരധിവാസ പരിശീലന പദ്ധതി, സർക്കാർ/സർക്കാർ അംഗീകൃത സ്ഥാപനങ്ങളും, കോഴ്സുകളും തെരഞ്ഞെടുക്കണമെന്ന വ്യവസ്ഥയുള്ളതിനാൽ പ്രൊപ്പോസൽ (നിർദ്ദേശം) അയയ്ക്കുന്നതിന് മുമ്പായി ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്. സംസ്ഥാന സർക്കാർ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള ഭരണാനുമതി ലഭിക്കാൻ വൈകുന്ന സാഹചര്യത്തിൽ, പ്ലാൻ ഫണ്ടിൽ നിന്നും ആറു മാസമോ അതിൽ താഴെയോ കാലയളവിലുള്ള പരിശീലന പദ്ധതി തെരഞ്ഞെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

3. പുനരധിവാസ പരിശീലനം നടത്തുന്ന സ്ഥാപനം കണ്ടെത്തി, താഴെ പറയുന്ന വിശദാംശങ്ങളടങ്ങിയ പ്രൊപ്പോസൽ (നിർദ്ദേശം) 2020 മാർച്ച് മാസം പതിനഞ്ചാം തീയതിക്കുമുമ്പായി ഡയറക്ടറേറ്റിലെത്തത്തക്കവിധം അയയ്ക്കേണ്ടതാണ്.

എ ) പുനരധിവാസ പരിശീലന പരിപാടിയുടെ നാമാവലി (Nomenclature)
ബി ) പുനരധിവാസ പരിശീലന പരിപാടിയുടെ കാലയളവ്
സി) സ്ഥാപനത്തിന്റെ പേര്
ഡി) സ്ഥാപനത്തിന്റെ സ്റ്റാറ്റസ് (സർക്കാർ സ്ഥാപനം)
ഇ) പുനരധിവാസ പരിശീലന പരിപാടിക്ക് വേണ്ട ഏറ്റവും കുറഞ്ഞ ട്രെയിനികളുടെ എണ്ണം
എഫ്) പരിശീലന പരിപാടിക്ക് ഉദ്ദേശിക്കുന്ന ഗുണഭോക്താക്കളുടെ എണ്ണം.
ജി) ഓരോ ട്രെയിനിക്കും വേണ്ട ആകെ ഫീസ് : ₹.

4. കോഴ്സുകൾ സർക്കാർ സ്ഥാപനവുമായി മാത്രം സഹകരിച്ച് നടത്തുക.

5. ഭരണാനുമതി ലഭിച്ച ശേഷം, പരിശീലന പരിപാടി തുടങ്ങും മുമ്പ് ജില്ലാ സൈനിക ക്ഷേമ ഓഫീസറും, പരിശീലന പരിപാടി നടത്തുന്ന സ്ഥാപനത്തിന്റെ മേധാവിയും ₹. 100/- (നൂറു രൂപാ മാത്രം) ന്റെ നോൺ-ജുഡിഷ്യൽ സ്റ്റാമ്പ് പേപ്പറിൽ മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാൻഡിംഗ് (എം.ഓ.യു) പ്രകാരം കരാറിലേർപ്പെട്ട് പുനരധിവാസ പരിശീലന പരിപാടി ചെയ്യിക്കാം. വിമുക്തഭടന്മാർക്കും, ആശ്രിതർക്കും, വിധവകൾക്കും മാത്രം പുനരധിവാസ പരിശീലന പദ്ധതിയിൽ പ്രവേശനം കൊടുക്കണം. വിമുക്തഭടന്മാരായ ഓഫീസർമാരും/കുടുംബാംഗങ്ങൾ/ജോലിയുള്ള കുടുംബാംഗങ്ങൾ (വിമുക്തഭടന്മാരുടേയും വിമുക്തഭടന്മാരായ ഓഫീസർമാരുടേയും) കോഴ്സുകളിൽ ചേരാൻ അർഹരല്ല. പുനർ-നിയമനം ലഭിച്ച വിമുക്തഭടന്മാരായ ഓഫീസർമാരും/ജോലിയുള്ള കുടുംബാംഗങ്ങൾക്കും പുനരധിവാസ പരിശീലന പദ്ധതിയിൽ ചേരാൻ അർഹതയില്ല. താഴ്ന്ന വരുമാനക്കാരായ കുടുംബാംഗങ്ങൾക്ക് മുൻഗണന നൽകേണ്ടതാണ്. വാർഷിക വരുമാനം ₹.6,00,000/- (ആറു ലക്ഷം രൂപാ മാത്രം) ൽ കൂടുതലുള്ള അപേക്ഷകനെ/അപേക്ഷകയെ കോഴ്സിലുൾപ്പെടുത്തേണ്ടതില്ല. സർക്കാർ നയമെന്ന നിലയ്ക്ക്, എല്ലാ ജില്ലകളിൽ നിന്നുമുള്ള ഗുണഭോക്താക്കളെയും പുനരധിവാസ പരിശീലന പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. പുനരധിവാസപരിശീലന പരിപാടിക്ക് താഴെ പറയുന്ന മുൻഗണനാക്രമത്തിൽ പ്രവേശനം നൽകേണ്ടതാണ്.

1). യുദ്ധവിധവകൾ/കുട്ടികൾ. (2)സേവനത്തിലിരിക്കെ മരണമടഞ്ഞ സേനാനികളുടെ വിധവകൾ/കുട്ടികൾ
3). വിമുക്തഭടന്മാർ (4) വിധവകൾ (5) ആശ്രിതർ

കുറിപ്പ്
വിമുക്തഭടന്മാരിൽ പ്രായം കുറഞ്ഞവർക്ക് പ്രവേശനത്തിൽ മുൻഗണന നൽകേണ്ടതാണ്. ഒരിക്കൽ പുനരധിവാസ ട്രെയിനിംഗ് ലഭിച്ച വിമുക്തഭടന്മാർക്കും, വിധവകൾക്കും ആശ്രിതർക്കും, വീണ്ടും പ്രവേശനം നൽകാറില്ല. എന്നിരുന്നാലും ലോവർ ലെവൽ/അടിസ്ഥാന കോഴ്സ് പൂർത്തിയാക്കിയ ഗുണഭോക്താവിന് സാഹചര്യവും കോഴ്സിലെ ഒഴിവുകളുടെ എണ്ണവുമനുസരിച്ച് ഹയർ ലെവൽ കോഴ്സിൽ പ്രവേശനം നൽകാവുന്നതാണ്. ഒരു കുടുംബത്തിലെ രണ്ടു പേർക്ക് വ്യത്യസ്തമായ ഓരോ കോഴ്സുകൾ ചെയ്യാവുന്നതാണ്.

6. **കോഴ്സുകൾക്ക് മുൻകൂർ തുക ആവശ്യമാണെങ്കിൽ പ്രസ്തുത വിവരം പ്രൊപ്പോസലിനോടൊപ്പം തന്നെ അറിക്കയിക്കേണ്ടതാണ്.**

7. കോഴ്സ് തുടങ്ങി, പത്തു ദിവസം കഴിഞ്ഞ് ജില്ലാ സൈനിക ക്ഷേമ ഓഫീസർ താഴെ കൊടുക്കുന്ന മാതൃകയിൽ പുരോഗതി റിപ്പോർട്ട് അയയ്ക്കേണ്ടതാണ്.

| ക്രമ നമ്പർ | കോഴ്സിന്റെ പേര് | സ്ഥാപനം | കോഴ്സ് പൂർത്തിയാവുമെന്ന് പ്രതീക്ഷിക്കുന്ന തീയതി | ഫീസ് നിരക്ക് | ഗുണഭോക്താക്കളുടെ എണ്ണം | പ്രതീക്ഷിക്കുന്ന ആകെ ചെലവ് |
|---|---|---|---|---|---|---|
| | | | | | | |
| | | | | | | |

8. കോഴ്സ് തീരുന്ന മുറയ്ക്ക്, ജില്ലാ സൈനിക ക്ഷേമ ഓഫീസർ, താഴെ പറയുന്ന രേഖകൾ, കോഴ്സിന് വേണ്ട ഫണ്ട് അനുവദിക്കുന്നതിലേക്കായി ഡയറക്ടറേറ്റിലയക്കേണ്ടതാണ്.

(എ) അറ്റൻഡൻസിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് പരിശീലന പരിപാടി നടത്തുന്ന സ്ഥാപനത്തിന്റെ മേധാവിയുടേയും ജില്ലാ സൈനിക ക്ഷേമ ഓഫീസറുടേയും ഒപ്പ് സഹിതം.
(ബി) കോഴ്സ് സർട്ടിഫിക്കറ്റ് നൽകിയോ ഇല്ലയോ എന്ന വിവരം
(സി) ഗുണഭോക്താക്കളുടെ നോമിനൽ റോൾ, വ്യക്തികളുടെയും, പരിശീലന പരിപാടി നടത്തുന്ന സ്ഥാപനത്തിന്റെ മേധാവി യുടേയും ജില്ലാ സൈനിക ക്ഷേമ ഓഫീസറുടേയും ഒപ്പ് സഹിതം. നോമിനൽ റോൾ വിമുക്തഭടൻ/വിമുക്തഭടന്റെ വിധവ, വിമുക്തഭടന്റെ ഭാര്യ/മകൻ/മകൾ എന്ന രീതിയിൽ ബന്ധം സൂചിപ്പിച്ച് ഗുണഭോക്താക്കളുടെ പേരും ജനനത്തീയതിയും, വിമുക്തഭടന്റെ നമ്പർ, റാങ്ക്, പേര് സഹിതം.
ഡി) ആധാർ നമ്പർ
എഫ്) മൊബൈൽ നമ്പർ
ഇ) സ്ഥാപനത്തിന്റെ മേധാവിയുടെ പദവി കാണിക്കുന്ന പ്രീ-റസീപ്റ്റഡ് വൗച്ചർ, ജില്ലാ സൈനിക ക്ഷേമ ഓഫീസറുടെ മേലൊപ്പ് സഹിതം. തുക കൈമാറുന്നതിന് വേണ്ടി സ്ഥാപനത്തിന്റെ അക്കൗണ്ട് നമ്പർ, ഐ.എഫ്.എസ് കോഡ്, ബ്രാഞ്ചിന്റെ പേരും എന്നിവ കൂടി ഉൾപ്പെടുത്തണം (Photocopy of Bank pass book)

9. കോഴ്സിന്റെ സംതൃപ്തമായ പൂർത്തീകരണ റിപ്പോർട്ടും അനുബന്ധ രേഖകളും കിട്ടിയതിന് ശേഷം മാത്രമേ ഫണ്ട് അനുവദിക്കുകയുള്ളു. ഓരോ ട്രെയിനിക്കും വേണ്ടി ചെലവാക്കാൻ അനുവദിക്കാവുന്ന പരമാവധി തുക ₹.30,000/ (മുപ്പതിനായിരം രൂപാ മാത്രം) അല്ലെങ്കിൽ ശരിക്കുള്ള ഫീസ്, ഏതാണോ കുറവ് അത്. അനുവദനീയമായ ഫീസ് തുക ₹. 30,000/ (മുപ്പതിനായിരം രൂപാ മാത്രം )ആയി വർദ്ധിപ്പിച്ചിരിക്കുന്ന സാഹചര്യത്തിൽ പുനരധിവാസത്തിന്റെ ഫലപ്രാപ്തിക്കനുയോജ്യമായ കോഴ്സുകളായിരിക്കണം തെരഞ്ഞെടുക്കേണ്ടത്. "ആഡിയോ വിഷ്വൽ & റിപ്രോഗ്രാഫി സെന്റർ", "സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ്", "കെൽട്രോൺ", "സി-ഡാക്ക്", "സി-ഡിറ്റ്", "അക്ഷയ-ഇ-സെന്റർ", തുടങ്ങി, മറ്റ് സ്ഥാപനങ്ങളുൾപ്പെടെയായിരിക്കണം, കോഴ്സ് തെരഞ്ഞെടുക്കുന്നതിന് മുമ്പ് പരിഗണിക്കുവാൻ. ജില്ലയിലെ എല്ലാ പ്രദേശങ്ങളിലുമുള്ള ഗുണഭോക്താക്കൾക്കും പ്രയോജനം ലഭിക്കാൻ വേണ്ടി, റൊട്ടേഷൻ അടിസ്ഥാനത്തിൽ ആയിരിക്കണം വ്യത്യസ്ത താലൂക്ക്/പരിശീലന സ്ഥാപനം തെരഞ്ഞെടുക്കപ്പെടേണ്ടത്.

10. 2021 ഡിസംബറോടു കൂടി പുനരധിവാസ പരിശീലന പദ്ധതി പൂർത്തിയാകത്തക്ക വിധമാണ് കോഴ്സ് നടത്തിപ്പ് പ്ലാൻ ചെയ്യേണ്ടത്. ഏപ്രിൽ മാസത്തോടെ, ജില്ലാ സൈനിക ക്ഷേമ ഓഫീസർമാർ, പുനരധിവാസ പരിശീലന പദ്ധതിയുടെ നടത്തിപ്പിന് ഭരണാനുമതി തേടേണ്ടതും (ഖണ്ഡിക മൂന്ന് പ്രകാരം പ്രത്യേക കത്ത് അയച്ച്) പ്രാദേശിക പത്ര മാധ്യമ അറിയിപ്പിലൂടെ പുനരധിവാസ പരിശീലന പദ്ധതിയെപ്പറ്റി വിവരം നൽകേണ്ടതുമാണ്. വിമുക്ത ഭടന്മാരുടെ/ആശ്രിതരുടെ ശ്രദ്ധ പതിയുന്ന സ്ഥലങ്ങളിൽ നോട്ടീസ് പതിക്കേണ്ടതുമാണ്.

11. ജില്ലാ സൈനിക ക്ഷേമ ഓഫീസിൽ, പുനരധിവാസ പരിശീലന വിഷയത്തിൽ പ്രത്യേക രജിസ്റ്ററിൽ, അപേക്ഷ സ്വീകരിക്കുന്നതു മുതൽ ഡിസ്പോസൽ വരെയുള്ള എൻട്രികൾ എഴുതിയിട്ടായിരിക്കണം, സൂക്ഷിക്കേണ്ടത്. പുനരധിവാസ പരിശീലന വിഷയത്തിൽ ഫയലുകൾ "ആർ" ഡിസ്പോസലിലായിരിക്കണം ക്ലോസ് ചെയ്യേണ്ടത്. ജില്ലാ സൈനിക ക്ഷേമ ഓഫീസർമാർ, പുനരധിവാസ പരിശീലന പദ്ധതിയുടെ ഗുണഭോക്താക്കളായ വിമുക്തഭടന്മാർ/വിധവകൾ/ആശ്രിതർ എന്നിവർക്ക് കോഴ്സ് മുഖേനേ നേരിട്ടോ അധികയോഗ്യതയെന്ന നിലയ്ക്കോ, തൊഴിൽ/പുനർനിയമനം/സ്വയം തൊഴിൽ, ലഭിക്കുകയാണെങ്കിൽ, ആയതിന്റെ റിക്കോഡ് സൂക്ഷിക്കേണ്ടതാണ്. രജിസ്റ്ററും ഫയലുകളും ഇൻസ്പെക്ഷന് വിധേയമാണ്.

12. പുനരധിവാസ പരിശീലന പദ്ധതി പ്രകാരം , കോഴ്സ് പൂർത്തിയാകുന്ന മുറയ്ക്ക് , ഒരാഴ്ചയ്ക്കുള്ളിൽ ഫണ്ട് അനുവദിക്കുന്നതിന് , അപേക്ഷ, പൂർത്തീകരണ റിപ്പോർട്ട് , അനുബന്ധ രേഖകൾ ഇവ ഡയറക്ടറേറ്റിലയക്കേണം. ഇവ അയയ്ക്കാൻ വൈകിപ്പിക്കുന്നത്, ഫണ്ടലോട്ട്മെന്റിൽ കാലവിളംബം വരുത്തും, ആയത് ചട്ടവിരുദ്ധവും സർക്കാർ ഫണ്ടിന്റെ നീക്കത്തിന് തടസം സൃഷ്ടിക്കുന്നതുമായിരിക്കും. ഇക്കാര്യം സ്ഥാപനത്തിന്റെ മേധാവി ₹. 100/- (നൂറു രൂപാ മാത്രം) ന്റെ നോൺ-ജുഡിഷ്യൽ സ്റ്റാമ്പ് പേപ്പറിൽ മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാൻഡിംഗിൽ (എം.ഓ.യു) സൂചിപ്പിക്കേണ്ടതാണ്.

13. പുനരധിവാസ പരിശീലന പ്രൊപ്പോസൽ, അയച്ചു തന്നശേഷം മതിയായ കാരണമില്ലാതെ പുനരധിവാസ പരിശീലന പദ്ധതി നടത്താതിരിക്കാൻ യാതൊരു കാരണവശാലും അനുവദിക്കുന്നതല്ല.

14. പുനരധിവാസ പരിശീലന പദ്ധതിയുടെ ഗുണഭോക്താക്കളായ വിമുക്ത ഭടന്മാരുടേയും, വിധവകളുടേയും, ആശ്രിതരുടേയും പ്ലേസ്മെന്റ് സംബന്ധിച്ച വിശദാംശങ്ങൾ കാലവിളംബം കൂടാതെ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

സൈനിക ക്ഷേമ ഡയറക്ടർ-ഇൻ-ചാർജ്ജ്

വിതരണം
1. എല്ലാ ജില്ലാ സൈനിക ക്ഷേമ ഓഫീസർമാർക്കും
2. ഡി-1 3. സ്റ്റോക്ക് 4. ഓഫീസ് കോപ്പി . 5.വെബ് സെക്ഷൻ

സൈനിക ക്ഷേമ വകുപ്പ് കേരളം തിരുവനന്തപുരം